## നാഷണൽ ഗെയിംസ്; വോളന്റിയർമാർക്ക് ഗ്രേസ് മാർക്ക് ലഭിച്ചേക്കും;

ഹാജർ, സൗജന്യ യാത്ര എന്നിവയും ലഭ്യമാകും

**തിരുവനന്തപുരം, ഒക്ടോബർ** 4: മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ സുഗമവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ആറായിര ത്തിൽപ്പരം വോളന്റിയർമാർക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണനയിൽ. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും നാഷണൽ ഗെയിംസ് ഫെസിലിറ്റേഷൻ കമ്മിറ്റി ചെയർമാനുമായ ശ്രീ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഇക്കാര്യം ചർച്ച ചെയ്തു.

വിദ്യാർത്ഥികൾക്കു ഗ്രേസ് മാർക്ക് നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കു വയ്ക്കുമെന്ന് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ച വിദ്യാഭ്യാസ മന്ത്രി വ്യക്തമാക്കി. ഗെയിംസ് നടക്കുന്ന ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെയുള്ള ദിനങ്ങളിൽ വോളന്റിയർമാരായെത്തുന്ന വിദ്യാർത്ഥികൾക്ക് ഹാജർ നൽകുന്ന കാര്യവും പരിഗണനയിലാണ്. ഇവർക്കു പ്രത്യേകം യൂണിഫോം ലഭ്യമാക്കുന്നതു സംബന്ധിച്ചും യോഗത്തിൽ തീരുമാനമായി.

സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ ഏകോപിപ്പിച്ചു കൊണ്ടാണ് നാഷണൽ ഗെയിംസ് സംഘാടക സമിതി (എൻ.ജി.ഒ.സി) വോളന്റിയർ സംഘത്തിന് രൂപം നൽകുന്നത്. കായികാദ്ധ്യാപകരുടെ മേൽനോട്ട ത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെയാകും വോളന്റിയർമാരെ തിരഞ്ഞെടുക്കുക.

ഗെയിംസിന് വേദിയാകുന്ന ഏഴുജില്ലകളിലെ മുപ്പതിലേറെ വേദികളിൽ ഓരോന്നിലും 150 മുതൽ 400 വരെ വോളന്റിയർമാരുടെ സേവനം വേണ്ടി വരുമെന്നാണ് കണക്കാക്ക പ്പെടുന്നത്. നിരവധി വേദികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വോളന്റിയർ സംവിധാനം വേണ്ടിവരും.

നാഷണൽ ഗെയിംസ് നടക്കുന്ന വേളയിൽ വിവിധ സ്റ്റേഡിയങ്ങളിലേക്ക് വോളന്റി യർമാർക്കും കാണികൾക്കും സൗജന്യ ബസ് യാത്ര സൗകര്യമൊരുക്കുന്നതിന് കെ.എസ്.ആർ.ടി.സിയുമായി ചർച്ച ചെയ്ത് ധാരണയിൽ എത്തുന്നതിനും നാഷണൽ ഗെയിംസ് സംഘാടക സമിതി ഉദ്ദേശിക്കുന്നു.